**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 614** **17-09-2025 - ൽ മറുപടിയ്ക്ക്**

**സംസ്ഥാന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര സർക്കാർ ഓഹരികൾ വിറ്റഴിച്ച്, സ്വകാര്യവൽക്കരിക്കാൻ തീരുമാനിച്ച സംസ്ഥാനത്തെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെ കൂടി ഏറ്റെടുത്ത് പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനുള്ള ബദൽ വികസന നയം സർക്കാർ നടപ്പാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | സംസ്ഥാന പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തി മത്സരക്ഷമമാക്കുക എന്ന നയത്തിനോടൊപ്പം തന്നെ കേന്ദ്ര സർക്കാർ സ്വകാര്യവത്കരിക്കാൻ തീരുമാനിച്ച കേരളത്തിലെ കേന്ദ്ര പൊതുമേഖലാസ്ഥാപങ്ങളെ ഏറ്റെടുത്ത് പൊതുമേഖലയിൽ നിലനിർത്തുന്നതിനുള്ള ബദൽ വികസന നയമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചു വരുന്നത്. ഇതിന്റെ ഭാഗമായാണ് സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്ന കേന്ദ്ര പൊതു മേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡിനെ സംസ്ഥാന സർക്കാർ ഏറ്റെടുത്ത് കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് എന്ന പേരിൽ പുനർ നാമകരണം ചെയ്ത് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമായി. 2022 നവംബർ മുതൽ ഉത്പാദനം ആരംഭിച്ച് പ്രവർത്തന മികവ് കൈവരിച്ചുവരികയാണ്.<br><br>കൂടാതെ കേന്ദ്ര സർക്കാർ സ്വകാര്യവത്ക്കരിക്കുവാൻ തീരുമാനിച്ച കാസർഗോഡ് ജില്ലയിൽ പ്രവർത്തിച്ചിരുന്ന സംയുക്ത സംരംഭമായിരുന്ന ഭെൽ-ഇ.എം.എൽ. (BHEL-EML) കമ്പനിയെ സംസ്ഥാനം ഏറ്റെടുക്കുന്നതിന്റെ ഭാഗമായി ബി.എച്ച്.ഇ.എൽ-നു ഭെൽ-ഇ.എം.എൽ -ൽ ഉണ്ടായിരുന്ന 51% ഓഹരികളും കേരള സർക്കാർ ഏറ്റെടുത്ത് പ്രസ്തുത സ്ഥാപനത്തെ കെൽ-ഇ.എം.എൽ എന്ന് പുനഃനാമകരണം ചെയ്ത് പൂർണ്ണമായും സംസ്ഥാന സർക്കാരിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമാക്കി 01.04.2022 മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (ബി) | പൊതുമേഖലാ സ്ഥാപനങ്ങൾ കേന്ദ്ര സർക്കാർ സ്വകാര്യവൽക്കരിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ സംസ്ഥാന പൊതുമേഖലാ | (ബി) | വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള ബി.പി.ടിയുടെ (Board of Public Sector Transformation) പ്രവർത്തന അവലോകന |

| | | | |
|---|---|---|---|
| | സ്ഥാപനങ്ങളെ ശാക്തീകരിക്കാൻ സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | | പരിധിയിൽ കെമിക്കൽ, ഇലക്ട്രിക്കൽ, എഞ്ചിനീയറിംഗ്, ഇലക്ട്രോണിക്സ്, ടെക്സ്റ്റൈൽസ്, തടി-പരമ്പരാഗത, കയർ, കാഷ്യൂ എന്നീ മേഖലകളിലായി നിലവിൽ 52 പൊതുമേഖലാസ്ഥാപനങ്ങളാണ് പ്രവർത്തിച്ചു വരുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിച്ചു പ്രവർത്തനക്ഷമത, സുതാര്യത, മാനവ വിഭവശേഷിയുടെ വികസനം, സുസ്ഥിരത എന്നിവ വർദ്ധിപ്പിച്ചു കൂടുതൽ മത്സരക്ഷമത ഉറപ്പുവരുത്തി പൊതുമേഖലയെ ശക്തിപ്പെടുത്തുക എന്ന വികസന നയത്തിന്റെ ഭാഗമായി വിവിധ പദ്ധതികളാണ് ബി,പി.റ്റി മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള എല്ലാ പൊതുമേഖലാസ്ഥാപനങ്ങളുടെയും ബിസിനസ്സ് പ്ലാനും MoUഉം തയ്യാറാക്കി പ്രവർത്തനവലോകനം നടത്തുകയും ആവശ്യമായ നിർദ്ദേശങ്ങളും നൽകി വരുന്നു.<br><br>ശാസ്ത്ര സാങ്കേതിക മേഖലകളിലും വിപണന രംഗത്തും ഉൾപ്പെടെ വ്യവസായ സംബന്ധിയായ സമസ്ത മേഖലകളിലും ഉണ്ടായികൊണ്ടിരിക്കുന്ന വളർച്ചയും മാറ്റങ്ങളും ഉൾകൊണ്ട് ഓരോ സ്ഥാപനത്തിന്റെയും പ്രവർത്തന മേഖലയ്ക്ക് അനുയോജ്യമായ പദ്ധതികൾ ഉൾക്കൊള്ളിച്ചു കൊണ്ട് തയാറാക്കിയ മാസ്റ്റർ പ്ലാനുകളുടെ അടിസ്ഥാനത്തിലുള്ള നവീകരണ വിപുലീകരണ പദ്ധതികളാണ് സ്ഥാപനങ്ങൾ നടപ്പിലാക്കി വരുന്നത്. നിലവിലെ ഉല്പന്നങ്ങളുടെ ഭാവി വിപണന സാധ്യതകളും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ആഗോള - ആഭ്യന്തര വിപണന സാധ്യതകളും വിലയിരുത്തി നിലവിലെ വിപണന മേഖലകൾ വിപുലീകരിക്കുവാൻ കമ്പനികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കായി 2025-26 സാമ്പത്തിക വർഷം 275.10 കോടി രൂപ വാർഷിക ആസൂത്രണ പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്. കാലാകാലങ്ങളിൽ സാങ്കേതികവിദ്യകൾ നവീകരിക്കുന്നതിനായി സംയുക്ത സംരംഭങ്ങളിൽ ഏർപ്പെടുന്നതിനും ആവശ്യകത കണക്കിലെടുത്ത് ചില ഉൽപ്പാദന സൗകര്യങ്ങളിൽ മാത്രം സംയുക്ത സംരംഭങ്ങൾ നടപ്പിലാക്കിയും സ്ഥാപനങ്ങളെ മത്സരക്ഷമമാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. നഷ്ടത്തിൽ പ്രവർത്തിക്കുന്ന |

സ്ഥാപനങ്ങളെ മത്സരക്ഷമമാക്കുന്നതിന്റെ ഭാഗമായി തെരഞ്ഞെടുത്ത എട്ട് സ്ഥാപനങ്ങളിൽ വിദഗ്ദ്ധരുടെ സഹായത്തോടെ ഒരു Turnaround Strategy-യുടെ ഭാഗമായുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനുള്ള സാധ്യതാ പഠനം നടത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഇതിനായി ബഡ്ജറ്റിൽ 2.50 കോടി രൂപ വകയിരുത്തിയിട്ടുമുണ്ട്.

· Safety Audit/Energy Audit സംബന്ധിച്ച ശുപാർശകൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആവിഷ്കരിച്ചു വരുന്നു. പുതിയ പരിസ്ഥിതി നയത്തിനനുയോജ്യമായ രീതിയിൽ കുറഞ്ഞ ചെലവിൽ മലിനീകരണ തോത് കുറയ്ക്കുന്നതിനായ് കൂടുതൽ ഇന്ധനക്ഷമതയുള്ള സംവിധാനങ്ങൾ നടപ്പിലാക്കുന്നതിന് ലക്ഷ്യമിടുന്നു.

സ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ കൂടുതൽ സുതാര്യത ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായി പൊതുമേഖലാ സ്ഥാപനങ്ങളുടെ ഇന്റേണൽ ആഡിറ്റ് സംവിധാനവും സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് സംവിധാനവും പ്രത്യേക അവലോകനത്തിന് വിധേയമാക്കി ബി.പി.റ്റി മുഖേന എല്ലാ മാസവും റിപ്പോർട്ട് ചെയ്ത് വരുന്നുണ്ട്. ഇതിന്റെ ഭാഗമായി കുടിശ്ശിക ഉണ്ടായിരുന്ന സ്റ്റാറ്റ്യൂട്ടറി ആഡിറ്റുകൾ ഭൂരിഭാഗവും പൂർത്തിയാക്കാൻ സാധിച്ചു.

· കമ്പനികളുടെ ഡയറക്ടർ ബോർഡുകൾ വിദഗ്ധരെ ഉൾപ്പെടുത്തി ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വിവിധ മേഖലകളിൽ പ്രാവീണ്യം ലഭിച്ചവരുടെ ഒരു പാനൽ തയ്യാറാക്കി പ്രൊഫെഷണൽ ഡയറക്ടർമാരെ കമ്പനികളിൽ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

· ജീവനക്കാരുടെ കാര്യക്ഷമതയും മികവും വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായുള്ള പരിശീലന പരിപാടികൾ കമ്പനി തലത്തിലും ബി.പി.റ്റി മുഖേനയും നടത്തിവരുന്നു.

· പൊതുമേഖലാ സ്ഥാപനങ്ങളിലെ ചെയർമാൻ, മാനേജിങ് ഡയറക്ടർ ഉൾപ്പെടെയുള്ള ഡയറക്ടർ ബോർഡ് അംഗങ്ങൾക്കും ആവശ്യമായ പരിശീലനം നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു.

· ടെക്സ്റ്റൈൽ മേഖലയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി പൊതുമേഖലയിലും സഹകരണമേഖലയിലുമുള്ള സ്പിന്നിങ് മില്ലുകൾക്ക് വിളവെടുപ്പ് സമയത്ത് വിലക്കുറവിൽ ഗുണമേന്മയുള്ള പഞ്ഞി വാങ്ങിക്കുന്നതിനും പഞ്ഞിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന് വേണ്ടി കോട്ടൺ ബോർഡ്

| | | | |
|---|---|---|---|
| | | | രൂപീകരിച്ചു. കോട്ടൺ ബോർഡിന് പഞ്ഞി വാങ്ങിക്കുന്നതിനുള്ള പ്രവർത്തനമൂലധനത്തിനായി National Cooperative Development Corporation (NCDC) യിൽ നിന്ന് 70 കോടി രൂപ സർക്കാർ ലഭ്യമാക്കിയിട്ടുണ്ട്. പല സ്പിന്നിങ് മില്ലുകളുടെയും അസംസ്കൃത വസ്തുവായ പോളിസ്റ്റർ ഫൈബർ കൂടി കോട്ടൺ ബോർഡ് മുഖേനെ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കോട്ടൺ ബോർഡ് മുഖേന സ്വീകരിച്ച നടപടികളിലൂടെ ടെക്സ്റ്റൈൽ മില്ലുകൾ നേരിട്ടിരുന്ന പ്രതിസന്ധികൾക്ക് പരിഹാരം ഉണ്ടാകുകയും പ്രവർത്തനം മെച്ചപ്പെടുകയും ചെയ്തിട്ടുണ്ട്.<br><br>വ്യവസായ വകുപ്പിന്റെ അധീനതയിൽ പൊതുമേഖലാസ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി BPT യുടെ നേതൃത്വത്തിൽ കെൽട്രോണിന്റെ സാങ്കേതിക സഹായത്തോടെ **"kshoppe.in"** എന്ന പേരിൽ ഇ-കൊമേഴ്സ് പോർട്ടൽ ആരംഭിച്ച് പ്രവർത്തന പുരോഗതി കൈവരിച്ച് വരുന്നു. കേന്ദ്ര സർക്കാരിന്റെ സഹകരണത്തോടെ പരമ്പരാഗത മേഖലയുടെ വികസനത്തിന്റെ ഭാഗമായി ഉത്പന്നങ്ങളുടെ വിപണനത്തിനായി Open Network for Digital Commerce (ONDC) -ൽ ഇ-കൊമേഴ്സ് പോർട്ടലും പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.<br><br>· പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന്റെയും വിപുലീകരിക്കുന്നതിന്റെയും ഭാഗമായി കേന്ദ്ര പൊതുമേഖലാസ്ഥാപനങ്ങളിൽ നിന്നും സംസ്ഥാന പൊതുമേഖലാസ്ഥാപനങ്ങൾക്ക് തുടർച്ചയായി ബിസിനസ് / ഓർഡറുകൾ നേടിയെടുക്കുന്നതിതിനായി സംഘടിപ്പിച്ച B2B meet-ന്റെ തുടർ പ്രവർത്തനങ്ങളുടെ ഭാഗമായി കൂടുതൽ ഓർഡറുകൾ ലഭ്യമായിത്തുടങ്ങിയിട്ടുണ്ട്.<br><br>പൊതുമേഖലാ സ്ഥാപനങ്ങളുടെ ആവശ്യം കഴിഞ്ഞ് അധികമുള്ള ഭൂമി വ്യാവസായിക വികസനത്തിനായി ഉപയോഗിക്കുന്നതിനുള്ള വിവധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. |
| (സി) | സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന മികവിന്റെയും കാര്യക്ഷമതയുടെയും അടിസ്ഥാനത്തിൽ സ്വയംഭരണാവകാശം നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | ആഗോള തലത്തിൽ ശാസ്ത്ര സാങ്കേതികവിദ്യകളിൽ വന്നുകൊണ്ടിരിക്കുന്ന ദ്രുതഗതിയിലുള്ള മാറ്റങ്ങളെ ഉൾക്കൊണ്ടു വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമതയോടു കൂടി മുന്നോട്ടു കൊണ്ടുപോകുന്നതിനായി മാനേജ്മെന്റ്തലത്തിൽ ഉത്തരവാദിത്വവും കർത്തവ്യ ബോധവും കടമ |

നിർവഹണവും ഉറപ്പുവരുത്തികൊണ്ടു കൂടുതൽ അധികാരങ്ങൾ നൽകേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ കമ്പനികളുടെ സമഗ്രമായ പുനഃസംഘടനയോടൊപ്പം ആധുനികവത്കരണത്തിനുള്ള നിർദ്ദേശങ്ങളും സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ സംബന്ധിച്ച് പ്രയോഗികമായ ഉപദേശങ്ങളും നൽകുന്നതിനു വേണ്ടി മുൻ ചീഫ് സെക്രട്ടറിയായ ശ്രീ. പോൾ ആൻറണി ഐ.എ.എസ് ചെയർമാനായി ഒരു വിദഗ്ധ കമ്മിറ്റി രൂപീകരിക്കുകയും, ടി കമ്മിറ്റി സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിരുന്നു. സ്ഥാപനങ്ങളുടെ മുൻകാല പ്രവർത്തന മികവും, നിലവിലുള്ള അവസ്ഥയും അവയുടെ വികസനത്തിനുള്ള ഭാവിസാധ്യതകളും മുൻനിർത്തി മാനേജ്മെന്റ് തലത്തിൽ ഉത്തരവാദിത്വം ഉറപ്പുവരുത്തികൊണ്ട് പ്രവർത്തനങ്ങളിൽ സ്വയംഭരണാവകാശം നൽകുന്നതിനുള്ള നിർദ്ദേശങ്ങൾ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരുന്നു.

പൊതുമേഖലാ സ്ഥാപനങ്ങളെ അവയുടെ പ്രവർത്തന സ്വഭാവമനുസരിച്ച് നാല് കാറ്റഗറികളായി തിരിച്ച് ഓരോ സ്ഥാപനങ്ങളിലെയും പദ്ധതി നിർവ്വഹണം, ധനകാര്യ മാനേജ്മെന്റ്, മാനവ വിഭവശേഷി മാനേജ്മെന്റ്, പൊതുഭരണം, വാണിജ്യം, ആസ്തി മാനേജ്മെന്റ്, സാങ്കേതിക പങ്കാളിത്തം, അസംസ്കൃത വസ്തുക്കളുടെ സംഭരണം എന്നീ മേഖലകളിലെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ ആണ് പ്രധാനമായും കമ്മിറ്റി മുന്നോട്ട് വെച്ചത്. സർക്കാർ ഈ റിപ്പോർട്ട് പരിശോധിച്ച് കമ്മിറ്റി മുന്നോട്ട് വെച്ച പ്രധാനപ്പെട്ട 28 ശുപാർശകളിൽ 14 ശുപാർശകൾ G.O.(Rt)No.87/2024/ID dated 31-01-2024 പ്രകാരം അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി പബ്ലിക് സെക്ടർ റീസ്ട്രക്ച്ചറിങ് ആൻഡ് ഇന്റേണൽ ആഡിറ്റ് ബോർഡ് (RIAB) പുനർനാമകരണം ചെയ്ത് ബോർഡ് ഫോർ പബ്ലിക് സെക്ടർ ട്രാൻസ്ഫോർമേഷൻ (BPT) എന്ന് നാമകരണം ചെയ്ത് ഗവേർണിംഗ് ബോഡി പുനഃസംഘടിപ്പിച്ച് പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പോൾ ആന്റണി കമ്മിറ്റിയുടെ ബാക്കിയുള്ള ശുപാർശകൾ പരിശോധിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

സെക്ഷൻ ഓഫീസർ